പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 92 01.12.2014 -ൽ മറുപടിയ്ക്ക്

## ബാർ ലൈസൻസിനുള്ള മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, കെ. രാജു<br>,, ഇ. ചന്ദ്രശേഖരൻ<br>,, പി. തിലോത്തമൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ ബാറുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പുതിയ ബാറുകൾ നല്കണമെന്ന നിർദ്ദേശമാണുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പുതിയ ബാറുകൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച് കോടതി വിധികൾ ഒന്നും ഉണ്ടായിട്ടില്ല. |
| (ബി) ഫോർ സ്റ്റാർ ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയെ മദ്യനിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ മൊത്തം എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ഫോർ സ്റ്റാർ ഹോട്ടലുകൾ, ഹെറിറ്റേജ് ഹോട്ടലുകൾ എന്നിവയെ മദ്യനിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇപ്പോൾ സംസ്ഥാനത്ത് 312 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബിവറേജസ് കോർപ്പറേഷൻ, സപ്ലൈകോ എന്നിവയിലൂടെ മദ്യവില്പനശാലകളുടെ ഔട്ട് ലറ്റുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ടോ; ഇതിനകം എത്ര ബാറുകൾ പൂട്ടിയെന്ന് വ്യക്തമാക്കുമോ; | (സി) | ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ മദ്യവില്പനശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. 428 ബാറുകളും 39 ബിവറേജസ് / കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റുകളും പൂട്ടിയിട്ടുണ്ട്. |
| (ഡി) | ബാറുകൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോഴ വിവാദങ്ങൾ ഉണ്ടായതായി അറിവുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഇ) | മദ്യവർജ്ജനം സംബന്ധിച്ച അഭിപ്രായം എന്താണെന്ന് വിശദമാക്കുമോ? | (ഇ) | മദ്യവർജ്ജനത്തിലൂടെ മദ്യ നിരോധനം 10 വർഷം കൊണ്ട് നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ആയതിലേയ്ക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയും മദ്യ വിപണന ശാലകൾ ഘട്ടം ഘട്ടമായി കുറച്ചും,മദ്യത്തിന്റെ ഉപഭോഗം കുറച്ചു കൊണ്ടു വരുന്നതിനാണ് സർക്കാർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ